# SAGARA HOSPITAL PUNNAPRA
(Under the Co-operative Academy of Professional Education, Estd. by the Government of Kerala)


നം.എസ്.എച്ച്/എ2/286/12 തീയതി.02.02.2023

## ക്വട്ടേഷൻ നോട്ടീസ്

ഈ ആശുപത്രിയിൽ സൂക്ഷിച്ചിട്ടുള്ള താഴെ പറയുന്ന വിഭാഗങ്ങളിൽപ്പെട്ട ആക്രി സാധനങ്ങൾ അവ ഇപ്പോഴുള്ള അവസ്ഥയിൽ വിൽക്കുന്നതിന് മുദ്ര വച്ച ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

1. പ്രവർത്തന രഹിതമായ എ സികൾ, ഫാനുകൾ മുതലായവ
2. സസ്പെൻഷൻ റോപ്പ് ഉൾപ്പെടെയുള്ള ഇരുമ്പ് ആക്രികൾ
3. അലുമിനിയം ആക്രികൾ
4. മുകളിൽ 1,2,3 വിഭാഗങ്ങളിൽപ്പെടാത്ത ഇതര വസ്തുക്കൾ

ടി ഓരോ ഇനങ്ങളുടേയും ഒരു കിലോഗ്രാമിന്റെ വില പ്രത്യേകം രേഖപ്പെടുത്തി കൊണ്ടുള്ള ക്വട്ടേഷൻ 09.02.2023 വൈകുന്നേരം 3 മണിക്കു മുൻപായി ആശുപത്രി ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. അന്നേ ദിവസം 4 മണിക്ക് ലഭിച്ച ക്വട്ടേഷനുകൾ തുറന്നു നോക്കുന്നതാണ്. ക്വട്ടേഷൻ ഉറപ്പിക്കുന്നവർ ടി സാധനങ്ങൾ തൂക്കി ബോദ്ധ്യപ്പെടുത്തി വിലയുടെ 5% ജി എസ് ടി ഉൾപ്പെടെയുള്ള തുക അടച്ചതിനുശേഷം അവരുടെ സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും ക്വട്ടേഷൻ ഉറപ്പിച്ച തീയതി മുതൽ 3 ദിവസത്തിനുള്ളിൽ ആശുപത്രിയിൽ അവ സ്ഥിതിചെയ്യുന്ന സ്ഥലത്തു നിന്നും നീക്കം ചെയ്യേണ്ടതാണ്.

ടി വസ്തുക്കൾ ഓഫീസ് പ്രവർത്തന സമയങ്ങളിൽ നേരിട്ടു വന്നു പരിശോധിക്കാവുന്നതാണ്. ക്വട്ടേഷൻ സമർപ്പിക്കുന്ന കവറിനു മുകളിൽ ആക്രി സാധനങ്ങൾക്കുള്ള ക്വട്ടേഷൻ എന്നു രേഖപ്പെടുത്തേണ്ടതാണ്. ക്വട്ടേഷനുകളിൽ അന്തിമ തീരുമാനം കൈക്കൊള്ളാനുള്ള അധികാരം ആശുപത്രി അഡ്മിനിസ്ട്രേറ്ററിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

സെക്രട്ടറി

1.നോട്ടീസ് ബോർഡ് (3)
2.പഞ്ചായത്തിലെ പൊതു സ്ഥാപനങ്ങളുടെ നോട്ടീസ് ബോർഡ്
3.ഔദ്യോഗിക വെബ്സൈറ്റ്